റീഡർ എന്ന കമ്പ്യൂട്ടർ സംവിധാനം സ്ഥാപിച്ചു. കമ്മീഷന് രണ്ടുഘട്ടങ്ങളിലായി 74 അധിക തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പുതുതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ അധിക മാനവശേഷിയും മൂന്നു മേഖല ആഫീസുകളുടെയും യോജിച്ചുള്ള പ്രവർത്തനവും കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വർഷങ്ങളായി കുടിശ്ശികയായിട്ടുള്ള ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്ക് ഒരു അരിയർ ക്ളിയറൻസ് സെൽ രൂപീകരിക്കുന്നതിന് ആവശ്യമായ 81 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ടി ഒഴിവുകളിൽ മറ്റു തരത്തിലുള്ള നിയമനങ്ങൾ നടത്തരുതെന്നും അവ റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമേ നികത്താവുയെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ-ജി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് സ്റ്റേഷനുകൾക്ക് ജനസമ്പർക്ക സമിതി

8 (*8) ശ്രീ. പാലോട് രവി :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾക്ക് ജനസമ്പർക്ക സമിതി രൂപീകരിക്കുന്നതിനെപ്പറ്റി കേന്ദ്ര നിർദ്ദേശം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ബി) ജനസമ്പർക്ക സമിതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം സമിതികൾ സംഘടിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ സമിതിയുടെ അധികാരം, കർത്തവ്യങ്ങൾ,ഘടന എന്നിവ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ട് ആരംഭിക്കേണ്ട ചില കാര്യങ്ങൾ നിർദ്ദേശിച്ചു കൊണ്ട് കേന്ദ്ര ആഭ്യന്തര വകുപ്പു സെക്രട്ടറിയിൽ നിന്നും 30-3-2000-ൽ ഒരു കത്ത് ലഭിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു ജനസമ്പർക്ക സമിതി (കമ്മ്യൂണിറ്റി ലയ്സൺ ഗ്രൂപ്പ്) ആവശ്യമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

(ബി & സി) ഇത്തരം ജനസമ്പർക്ക സമിതികൾ രൂപീകരിച്ചിട്ടില്ല. പോലീസിന്റെ പ്രവർത്തനങ്ങളെ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിന് വേണ്ടിയുള്ള ജനസമ്പർക്ക സമിതി ഉൾപ്പെടെയുള്ള സമിതികൾ സർക്കാർ പരിഗണിച്ചു വരികയാണ്.

(ഡി) ബാധകമല്ല.

ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം

9 (*9) ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :
ശ്രീ. എ. കണാരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുള്ള ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം സമൂഹത്തിലെ പാവപ്പെട്ടവർക്കു കൂടി ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് ആധുനിക ഹൃദ്രോഗ ചികിത്സാ സൗകര്യം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത കൂടുതൽ ആശുപത്രികളിലേക്ക് പ്രസ്തുത ചികിത്സാ സൗകര്യം വ്യാപിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly